# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.911 03.12.2014-ൽ മറുപടിക്ക്

## വെള്ളക്കരം വർദ്ധന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ബജറ്റ് അവതരണസമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന എന്ത് സാഹചര്യമാണ് കുടിവെള്ള വില വർദ്ധന അടിയന്തിരമായി നടപ്പിലാക്കാൻ കാരണമായത് ; | (എ) | കുടിവെള്ള ചാർജ്ജ് ബഡ്ജറ്റിലൂടെ യല്ല വർദ്ധിപ്പിക്കാറുള്ളത്. കുടിവെള്ള ചാർജ്ജ് അവസാനമായി വർദ്ധിപ്പിച്ചത് 2008 ൽ ആണ്. റവന്യൂ വരവും ചെലവും തമ്മിലുള്ള അന്തരം വളരെയധികം വർദ്ധിച്ചതിനാലും വൈദ്യുതി ചാർജ്ജ് , അറ്റകുറ്റപ്പണി, രാസവസ്തുക്കളുടെ വിലവർദ്ധനവ് എന്നിവയിൽ വന്ന വർദ്ധനവ് കാരണവുമാണ് നിലവിൽ കുടിവെള്ള ചാർജ്ജ് വർദ്ധനവ് അനിവാര്യമായി വന്നത്. |
| ബി) ഓരോ സ്ലാബിലുമുള്ളവർക്ക് എത്ര ശതമാനം വീതമാണ് വില വർദ്ധന നടത്തിയിരിക്കുന്നതെന്നും ഇതുവഴി സമാഹരിക്കാൻ ലക്ഷ്യമിടുന്ന അധിക തുകയെത്രയാണെന്നും അറിയിക്കുമോ; വെള്ളക്കരം കുടിശ്ശിക എത്ര കോടി പിരിഞ്ഞു കിട്ടാനുണ്ട്;? | (ബി) | പുതുക്കിയ സ്ലാബ് നിരക്ക് ചുവടെ ചേർക്കുന്നു.<br>15 കി.ലി. മുതൽ 20 കി.ലി. വരെ - 35.11%<br>20 കി.ലി. മുതൽ 25 കി.ലി. വരെ - 49.18%<br>25 കി.ലി. മുതൽ 30 കി.ലി. വരെ - 82.73%<br>30 കി.ലി. മുതൽ 40 കി.ലി. വരെ - 109.59%<br>40 കി.ലി. മുതൽ 50 കി.ലി. വരെ - 96.27%<br>അധികമായി പ്രതിവർഷം ഏകദേശം 176 കോടി രൂപ പിരിക്കാനാണ് ലക്ഷ്യമിടുന്നത്. 31.03.2014 വരെ പിഴയും പിഴപ്പലിശയും ചേർന്ന് വെള്ളക്കര കുടിശ്ശിക 613.78 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇപ്പോൾ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനു ണ്ടാകുന്ന പ്രതിലിറ്റർ ചെലവെത്ര യെന്നും വരവ് എത്രയെന്നും അറിയിക്കുമോ; | സി) | വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പ്രതിലിറ്റർ ചെലവ് 0.02 രൂപയാണ് (2 പൈസ). പ്രതിലിറ്റർ വരവ് 0.01 രൂപയാണ് (1 പൈസ) |
| ഡി) | അടിസ്ഥാനാവശ്യമായ കുടിവെള്ളത്തിന്റെ വിതരണം വാണിജ്യവൽക്കരിച്ച് സർക്കാർ സേവനം ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ? | ഡി) | സർക്കാർ ഇപ്രകാരം ലക്ഷ്യമിടുന്നില്ല |

സെക്ഷൻ ഓഫീസർ